**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3575</u>** **<u>08-10-2025 - ൽ മറുപടിയ്ക്ക്</u>**

**<u>പൂഞ്ഞാർ മണ്ഡലത്തിലെ ഭൂമിയേറ്റെടുക്കൽ നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട-വാഗമൺ റോഡ് പുനരുദ്ധാരണം, മാർമല ചെറുകിട ജലവൈദ്യുത പദ്ധതി, ഇടക്കുന്നം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വികസനം, പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷൻ എന്നീ പദ്ധതികൾക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം പദ്ധതി തിരിച്ച് ലഭ്യമാക്കുമോ? | (എ) | പൂഞ്ഞാർ മണ്ഡലത്തിലെ മാർമല ചെറുകിട ജലവൈദ്യുത പദ്ധതി, പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷൻ, ഈരാറ്റുപേട്ട-വാഗമൺ റോഡ് പുനരുദ്ധാരണം, ഇടക്കുന്നം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വികസനം എന്നീ പദ്ധതികൾക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**<u>മാർമല ചെറുകിട ജലവൈദ്യുത പദ്ധതി</u>**<br><br>മാർമല ചെറുകിട ജലവൈദ്യുത പദ്ധതിയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 19(1) പ്രഖ്യാപനം 25/07/2025 തീയതിയിൽ പ്രസിദ്ധീകരിച്ചു. 27 അവാർഡുകളും അംഗീകരിച്ചിട്ടുള്ളതും, Ways And Means System (WAMS) ക്ലിയറൻസ് ആവശ്യമില്ലാത്ത കേസുകളിൽ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുള്ളതും, ബാക്കിയുള്ളവ WAMS clearance ലഭിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുത്ത് അർത്ഥനാധികാരിയ്ക്ക് കൈമാറുന്നതുമാണ്.<br><br>**<u>പിണ്ണാക്കനാട് 33 കെ.വി സബ് സ്റ്റേഷൻ</u>**<br><br>പണ്ണാക്കനാട് 33 കെ.വി.സബ് സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 11(1) വിജ്ഞാപനം 08/09/2025 തീയതിയിൽ പ്രസിദ്ധീകരിച്ചു. സർവ്വെ അതിരടയാള നിയമപ്രകാരമുള്ള 6(1) വിജ്ഞാപനം പുറപ്പെടുവിച്ചു, സർവ്വെ ജോലികൾ നടന്നു വരുന്നു.<br><br>**<u>ഈരാറ്റുപേട്ട വാഗമൺ റോഡ്</u>**<br><br>സാമൂഹ്യപ്രത്യാഘാത പഠനം പൂർത്തീകരിച്ച് പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. വിദഗ്ധ സമിതിയുടെ യോഗം |

| | | | |
|---|---|---|---|
| | | | 28/02/2024-ന് നിശ്ചയിച്ചിരുന്നുവെങ്കിലും, ഭൂമി ഏറ്റെടുക്കൽ നടപടികൾ KIIFB-യുടെ നിർദ്ദേശം ലഭിക്കുന്നതുവരെ "ഡെഫർ" ചെയ്യണമെന്ന് റിക്വിസിഷൻ അതോറിറ്റിയായ റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ് (RICK)-ന്റെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതിയുടെ യോഗം മാറ്റിവെച്ചിരിക്കുകയാണ്.<br><br>**<u>ഇടക്കുന്നം റോഡ് പദ്ധതി</u>**<br><br>ഇടക്കുന്നം റോഡ് പദ്ധതിയുടെ അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട്(BVR), വിശദവിലനിർണ്ണയ പത്രിക (DVS) എന്നിവ അംഗീകരിച്ചിട്ടുള്ളതാണ്. അർത്ഥനാധികാരിക്ക് ഫണ്ടിനുള്ള അപേക്ഷ നല്കിയെങ്കിലും ഫണ്ട് ലഭിച്ചിട്ടില്ല. അർത്ഥനാധികാരിയായ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രസിഡന്റിൽ നിന്നും ഫണ്ട് ലഭിച്ചാലുടൻ 19 (1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ